പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 174

30/11/2015 -ൽ ഇടക്കാല മറുപടി നൽകിയതിന്റെ പൂർണ്ണ മറുപടി

## വിദേശമദ്യ ചില്ലറ വിൽപന ശാലകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പുരുഷൻ കടലുണ്ടി | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ മന്ത്രി) |
| (എ) ബിവറേജസ് കോർപ്പറേഷനും കൺസ്യൂമർഫെഡിനുമായി ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് എത്ര വിദേശമദ്യ ചില്ലറ വിൽപ്പന ശാലകൾ ഉണ്ടായിരുന്നു; നിലവിലെത്രയുണ്ട് ; | (എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ബിവറേജസ് കോർപ്പറേഷന്റെ കീഴിൽ 338 ചില്ലറ വിൽപ്പന ശാലകളും കൺസ്യൂമർ ഫെഡിന്റെ കീഴിൽ 46 ചില്ലറ വിൽപ്പനശാലകളും ഉണ്ടായിരുന്നു. നിലവിൽ ബിവറേജസ് കോർപ്പറേഷന് 270-ഉം കൺസ്യൂമർ ഫെഡിന് 36-ഉം ചില്ലറ വിൽപ്പനശാലകളുണ്ട് |
| (ബി) തീരുമാനമനുസരിച്ച് പ്രതിവർഷം അടച്ചുപൂട്ടേണ്ടത് എത്ര ശതമാനം വീതമായിരുന്നു; ഇതിനകം എത്ര ശതമാനം അടച്ചുപൂട്ടി; 2014 ഒക്ടോബർ രണ്ടിന് പൂട്ടിയവ എത്ര; 2016 ഒക്ടോബർ രണ്ടിന് പൂട്ടേണ്ടവ ഏത്ര; അവ ഏതൊക്കെ; | (ബി) സർക്കാർ നയം അനുസരിച്ച് വർഷം തോറും 10% ചില്ലറവിൽപ്പനശാലകൾ അടച്ചുപൂട്ടേണ്ടതാണ്. ഇതിനോടകം 20% ഷോപ്പുകൾ അടച്ചുപൂട്ടി. 2014 ഒക്ടോബർ 2-ന് 39 എണ്ണം പൂട്ടി. 2016 ഒക്ടോബർ 2-ന് 39 ഷോപ്പുകൾ അടച്ചുപൂട്ടേണ്ടതായിട്ടുണ്ട്.2016-ന് ഏതൊക്കെ ഷോപ്പുകളാണ് അടച്ചുപൂട്ടേണ്ടതെന്ന് തീരുമാനം എടുത്തിട്ടില്ല. |
| (സി) ദേശീയപാതയോരത്ത് പ്രവർത്തിക്കുന്ന ചില്ലറ വിദേശമദ്യവിൽപനശാലകൾ എത്ര; അവയിൽ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം മാറ്റിയവ എത്ര; | (സി) ദേശീയ സംസ്ഥാന പാതയോരത്ത് കെ.എസ്.ബി.സി-യുടെ 115 എഫ്.എൽ 1 ഷോപ്പുകൾ സ്ഥിതിചെയ്തിരുന്നു. ഇവയിൽ 21 ഷോപ്പുകൾ ദേശീയ സംസ്ഥാന പാതയോരത്തുനിന്നും മാറ്റി സ്ഥാപിക്കുകയോ പൂട്ടുകയോ ചെയ്തിട്ടുണ്ട്. കൂടാതെ കൺസ്യൂമർഫെഡിന്റെ 5 എഫ്.എൽ1 ഷോപ്പുകൾ ദേശീയ പാതയോരത്ത് |

| | | | |
|---|---|---|---|
| | | | പ്രവർത്തിക്കുന്നുണ്ട്. ദേശീയ പാതയോരത്ത് പ്രവർത്തിക്കുന്നവ നിർത്തലാക്കുന്നതിന്റെ ഭാഗമായി ബാല്യശ്ശേരി എഫ്.എൽ.1 ഷോപ്പ് നിർത്തലാക്കിയിട്ടുണ്ട്. |
| (ഡി) | ചില്ലറ വിൽപന ശാലകൾ പൂട്ടുന്നതിനിടയിൽ ബിവറേജസ് കോർപ്പറേഷൻ പുതുതായി ആരംഭിച്ച വെയർഹൗസ് ഏതൊക്കെയാണ്; | (ഡി) | കെ.എസ്.ബി.സിപാലക്കാട് ജില്ലയിൽ മേനോൻപാറ എന്ന സ്ഥലത്ത് 2015 സെപ്റ്റംബർ 25-ന് പുതിയ വെയർഹൗസ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് |
| (ഇ) | ബാറുകളും ചില്ലറ വിൽപന ശാലകളും അടച്ചുപൂട്ടിയതുവഴി ആകെ എത്ര പേർക്ക് തൊഴിൽ നഷ്ടപ്പെട്ടു? | ഇ) | ബിവറേജസ് കോർപ്പറേഷൻ, കൺസ്യൂമർ ഫെഡ് എന്നിവയുടെ ഷോപ്പുകൾ അടച്ചുപൂട്ടിയതുവഴി തൊഴിലാളികൾക്ക് തൊഴിൽനഷ്ടം സംഭവിച്ചിട്ടില്ല. പൂട്ടിയ ഷോപ്പുകളിലെ ജീവനക്കാരെ, ജീവനക്കാർ കുറവുള്ള മറ്റു ഷോപ്പുകളിലേയ്ക്ക് മാറ്റി നിയമിച്ചിട്ടുണ്ട്. ബാറുകൾ അടച്ചുപൂട്ടിയതു വഴി 599 തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ